# Academic Master Plan

2025-26. LP.

AUPS Karakunnu.

## ആമുഖം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് പഞ്ചായത്തിലാണ് എ.യു.പി.എസ് കാരക്കുന്ന് എന്ന ഞങ്ങളുടെ സ്കൂൾ സ്ഥിതിചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് മികവ് പുലർത്തുന്ന സ്കൂളാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തിക മാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കരാട്ടെ പരിശീലനത്തിലൂടെ ആത്മധൈര്യം വർധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## ലക്ഷ്യം

വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം രൂപപ്പെടുത്തുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതുതത്വങ്ങൾ

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
* സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് - ടീച്ചർ | PTA |
| വായിക്കാം വളരാം<br>വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന, പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ. | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | |
| കണ്ടറിയാം.... കേട്ടറിയാം.... അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| അടിസ്ഥാന ഭാഷാശേഷി വികസനം. | 1) ഭാഷാ കളരി.<br>2) പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>അമ്മപ്പറയട്ടെ<br>അമ്മമാർ കുട്ടികൾക്ക് വായിച്ചുകൊടുത്ത കഥകൾ കുട്ടികൾ അവതരിപ്പിക്കുന്നു. | ആദ്യ മൂന്ന് മാസം | ക്ലാസ് ടീച്ചർ | PTA |
| എഴുതാം തെളിയാം.<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നു നേടിയ ശേഷികൾ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുത്തിലൂടെ പ്രകടിപ്പിക്കൽ. ലേഖനശേഷി വർധിപ്പിക്കു. സാഹിത്യകാരൻമാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് - ടീച്ചർ. | |
| നമ്മുടെ സാഹിത്യസമ്പത്ത്. സാഹിത്യകാരൻമാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ. ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം. ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമാണം, പ്രദർശനം. | ആവശ്യാനുസരണം. | SRG ക്ലാസ് ടീച്ചർ | PTA. |
| | | | | |

| സർഗോത്സവം ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |
| താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ്, വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ. | ആവശ്യാനുസരണം | Class Teacher. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ. | കുട്ടികളുടെ ഡിജിറ്റൽ പ്രദർശനം, കാർട്ടൂൺ പ്രദർശനം. | ആഴ്ചയിൽ ഒന്ന് | ക്ലാസ് - ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ ഇംഗ്ലീഷ് - എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ. | |
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ച്ചയിൽ 2 ദിവസമെങ്കിലും അസംബ്ലി നടത്തൽ. ഇതിന്റെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് തിയേറ്റർ | ഇംഗ്ലീഷ് ഭാഷാപഠനം | | | |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ ( Skit, Drama, Conversation, Story telling ). | മാസത്തിലൊന്ന്. | Class Teacher. | |
| ഇംഗ്ലീഷ് മാഗസിൻ. | | | | |
| സർഗാത്മകതാ രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയാറാക്കൽ | മൂന്നു മാസത്തിലൊരിക്കൽ | H M<br>Class Teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് കോർണർ — വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ്, പുസ്തക പരിചയം. | 2 ആഴ്ചയിൽ ഒന്ന്. | ക്ലാസ് - ടീച്ചർ | രക്ഷിതാക്കൾ. |
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി. | പരിചിത പദങ്ങൾ എഴുതൽ, Self introduction, Develop stories, Library books reading. | | | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | H M ക്ലാസ് ടീച്ചർ | Februry March | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നിരീക്ഷണം – അറിവ് നിർമാണം. | പ്രകൃതി നടത്തം, ചെടികൾ നിരീക്ഷിക്കുന്നു., വിത്ത് മുളപ്പിക്കൽ. വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കൽ, മണ്ണ് നിരീക്ഷണം, ഉദ്യാന നിർമാണം. | ആവശ്യാനുസരണം | ക്ലാസ് – ടീച്ചർ | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളം - ഇന്ത്യ ഭൂപട വായന | പരിചയപ്പെടൽ, സൂചികാ നിർമാണം, കളങ്ങൾ ഉപയോഗിക്കൽ. | വർഷത്തിലൊന്ന്. | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രയാത്ര<br>ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ - പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | |

ലക്ഷ്യങ്ങൾ : 1- അറബി അക്ഷരങ്ങളുടെ ഉച്ചാരണം. എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കു- വാനും എഴുതുവാനുമുള്ള കഴിവ്.

2 - ചിഹ്നങ്ങൾ തിരിച്ചറിഞ്ഞുള്ള വായന. പദനിർമ്മാണം. പദശേഖരണം

3 - ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.

4 - അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം

5 - ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാകുന്നു. | അക്ഷര വായന<br>ക്ലാസ് വായന<br>ലൈബ്രറി വായന<br>ചിത്ര വായന<br>വീട്ടുവായന<br>കഥാ വായന<br>വായനാ മത്സരങ്ങൾ<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>ഇ. വായന | ജൂൺ - ജൂലായ്<br>ജൂൺ - ഫെബ്രുവരി<br>നവംബർ - ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അദ്ധ്യാപകർ |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം. | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>കുട്ടി എഴുത്ത്<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അദ്ധ്യാപകർ. |

| | | | |
|---|---|---|---|
| പദനിർമ്മാണം<br>പദശേഖരണം | അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>പാഠപുസ്തകങ്ങൾക്കു പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം.<br>പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു | ആഗസ്ത്<br>സെപ്തംബർ<br>ഒക്ടോബർ | (അദ്ധ്യാപകർ)<br>രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവു വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം. |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | ഓഗസ്ത്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കുന്ന |
| ദിനാചരണങ്ങൾ പരിചയപ്പെടാൻ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറിവിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | (അദ്ധ്യാപകർ)<br>രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായിക്കുന്നു. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം ഗണിക്കാം | വിവിധതരം കളികൾ | | | |
| ഗണിത പഠനം രസകരമാക്കൽ | ആസൂത്രണം ചെയ്ത് നടപ്പാക്കൽ | | | |
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം, വ്യവകലനം (കച്ചവട കളി) | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ, ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം, പ്രദർശനം, നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം. | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | വർഷത്തിലൊരിക്കൽ ഇതിനായുള്ള സമയത്ത്. | Class-Teacher | |
| ഗണിത മേള<br>ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | | | |